പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2308 **27-10-2026-ൽ മറുപടിയ്ക്ക്**

വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. അൻവർ സാദത്ത്
ശ്രീ. നാട്ടകം സുരേഷ്
ശ്രീ. സെബാസ്റ്റ്യൻ. എം. ജെ
ശ്രീ. അബിൻ വർക്കി കോടിയാട്ട്

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുന്നതിനും സാമ്പത്തിക സ്ഥിതി ശക്തിപ്പെടുത്തുന്നതിനും വികസനസാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുമായി ഹ്രസ്വകാല, മധ്യകാല മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാനും സമഗ്ര അവലോകനം നടത്താനും തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

മറുപടി: ആഗോള വിപണിയിൽ നിന്നുള്ള കടുത്ത മത്സരത്തെ അതിജീവിക്കുന്നതിനും മാറിവരുന്ന വിപണി സാഹചര്യങ്ങൾക്കും സാങ്കേതിക മുന്നേറ്റങ്ങൾക്കും അനുസൃതമായി പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനും സാധിക്കുന്ന വിധത്തിൽ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും മത്സരക്ഷമവുമാക്കുന്നതിനുള്ള വിവിധ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

ഓരോ പൊതുമേഖലാ സ്ഥാപനത്തിന്റെയും പ്രവർത്തനം പ്രത്യേകം അവലോകനം ചെയ്യ, അവയുടെ പ്രവർത്തന സ്വഭാവം വിലയിരുത്തി, സ്ഥാപനങ്ങൾ ആധുനികവത്ക്കരിക്കുന്നതിനും, പുനരുദ്ധരിക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനുമുള്ള നടപടികൾ സർക്കാർ പരിശോധിക്കുന്നതാണ്. സർക്കാർ അംഗീകരിച്ച വിഷൻ 2031-ന്റെ അടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനം ലക്ഷ്യമിട്ട് ഹ്രസ്വകാല, ഇടക്കാല വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ഓരോ സാമ്പത്തിക വർഷത്തെ പ്രവർത്തനത്തിനായി തയ്യാറാക്കുന്ന MoU/ ബിസിനസ്സ് പ്ലാൻ അടിസ്ഥാനമാക്കി മാസം തോറും അവലോകനം ചെയ്ത് ആവശ്യമായ മാർഗനിർദേശങ്ങളും നൽകിവരുന്നു.

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ ഉൽപ്പാദനക്ഷമത, സാമ്പത്തിക സ്ഥിതി, വിപണന സാധ്യതകൾ, വികസന ആവശ്യങ്ങൾ എന്നിവ വിലയിരുത്തുന്നതിനുള്ള സമഗ്ര അവലോകനത്തിൽ പരിഗണിക്കുന്ന പ്രധാന ഘടകങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

മറുപടി: വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുന്നതിനും സാമ്പത്തിക സുസ്ഥിരത ഉറപ്പുവരുത്തുന്നതിനും ലക്ഷ്യമിട്ട് സ്ഥാപനങ്ങളുടെ

പ്രവർത്തന പുരോഗതി സംബന്ധിച്ച് സമഗ്രമായ അവലോകനങ്ങൾ നടത്തിവരുന്നു. ഇത്തരം അവലോകനങ്ങളിൽ പ്രധാനമായും ഉൽപ്പാദനച്ചെലവ്, അസംസ്കൃത വസ്തുക്കളുടെ ലഭ്യത, യന്ത്രസാമഗ്രികളുടെ പ്രവർത്തനക്ഷമത, സ്ഥാപനങ്ങളുടെ വിറ്റുവരവ്, അറ്റലാഭം/നഷ്ടം, ബാധ്യതകൾ, ഉൽപ്പന്നങ്ങളുടെ വിപണി ആവശ്യകത, വിപണന സംവിധാനങ്ങളുടെ കാര്യക്ഷമത, ഉൽപ്പന്ന വൈവിധ്യവൽക്കരണത്തിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വികസനത്തിനുമുള്ള അവസരങ്ങൾ, യന്ത്രസാമഗ്രികളുടെ നവീകരണ ആവശ്യകത, ജീവനക്കാരുടെ വിനിയോഗം, കാര്യക്ഷമത, നൈപുണ്യ വികസന ആവശ്യകതകൾ, സർക്കാർ ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി, അനുവദിച്ച തുകയുടെ വിനിയോഗം, പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം, തൊഴിലവസരങ്ങൾ എന്നീ ഘടകങ്ങളാണ് പരിഗണിക്കുന്നത്.

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും ലാഭകരമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വികസനം ത്വരിതപ്പെടുത്തുന്നതിനും അവയുടെ മാസ്റ്റർ പ്ലാനുകളിൽ പ്രത്യേക പദ്ധതികൾ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

<u>മറുപടി:</u> നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതിയും പ്രവർത്തനപരമായ പ്രശ്നങ്ങളും വിലയിരുത്തി അവയുടെ പുനരുജ്ജീവനത്തിനും ലാഭകരമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വികസനം ത്വരിതപ്പെടുത്തുന്നതിനും ആവശ്യമായ പദ്ധതികൾ മധ്യകാല പ്ലാനുകളുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. സാങ്കേതിക നവീകരണം, ഉൽപ്പാദനശേഷി വർദ്ധിപ്പിക്കൽ, ഉൽപ്പന്ന വൈവിധ്യവൽക്കരണം, വിപണി വികസനം, സാമ്പത്തിക പുനഃസംഘടന തുടങ്ങിയ മേഖലകൾക്ക് മുൻഗണന നൽകിക്കൊണ്ട് സ്ഥാപനങ്ങളുടെ ദീർഘകാല സുസ്ഥിരത ഉറപ്പുവരുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളിൽ ആധുനിക സാങ്കേതികവിദ്യയും നൂതന ഉൽപ്പാദനരീതികളും നടപ്പാക്കി ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും വിപണനക്ഷമതയും വർധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; പ്രസ്തുത നടപടികളിലൂടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്വയംപര്യാപ്തത ഉറപ്പാക്കുന്നതിനും പുതിയ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും നിലവിലുള്ള തൊഴിലവസരങ്ങൾ സംരക്ഷിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കുമോ?

<u>മറുപടി:</u> പൊതുമേഖലാ സ്ഥാപനങ്ങളിൽ ആധുനിക സാങ്കേതികവിദ്യകളും നൂതന ഉൽപ്പാദനരീതികളും നടപ്പിലാക്കുന്നതിനും നിലവിലുള്ള ഉൽപ്പാദന സംവിധാനങ്ങൾ നവീകരിക്കുന്നതിനും ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും വിപണനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. സാങ്കേതിക നവീകരണം, ഉൽപ്പന്ന വൈവിധ്യവൽക്കരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വികസനം, വിപണന സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നിവയിലൂടെ സ്ഥാപനങ്ങളുടെ വിറ്റുവരവും ലാഭക്ഷമതയും വർദ്ധിപ്പിച്ച് സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. കൂടാതെ സ്ഥാപനങ്ങളുടെ നിലവിൽ ഉപയോഗിക്കാത്ത ഭൂമി ഉപയോഗപ്പെടുത്തി വ്യാവസായിക വികസനത്തിനായി JV/PPP/Lease സാധ്യതകൾ കൂടി പരിശോധിക്കുന്നതാണ്. ഇതോടൊപ്പം പുതിയ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും നിലവിലുള്ള തൊഴിലവസരങ്ങൾ സംരക്ഷിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രാധാന്യം നൽകിവരുന്നു.

കേന്ദ്ര / സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുമായോ മറ്റ് വിശ്വാസയോഗ്യമായ സ്ഥാപനങ്ങളുമായുള്ള സംയുക്ത സംരംഭം, തന്ത്രപരമായ സഹകരണം, സാങ്കേതിക പങ്കാളിത്തം,

വിപണന വിപുലീകരണം എന്നിവയിലൂടെ സ്ഥാപനങ്ങളുടെ നവീകരണത്തിനും ആധുനികവൽക്കരണത്തിനും പുതിയ മേഖലകൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ